# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.കെ ഡി/പി7/1934/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഫോൺ; 04952371012
ഇ-മെയിൽ;- dokkd.ksad.kerala.gov.in

തീയതി:21.10.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )
കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), കോഴിക്കോട്

3)കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.കെ ഡി/പി7/1934/17 തിയ്യതി – 21.10.2017

# കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. പി.ഉണ്ണികൃഷ്ണൻ, ജോയിൻറ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1.6.2017 മുതൽ 6.6.2017 വരെ<br>27.9.2017മുതൽ 28.9.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.എസ്.സബിത | ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി.ഷൈനി.പി | അസിസ്റ്റന്റ് ഓഡിറ്റ്ഓഫീസർ |
| | ശ്രീ.സുഗുണൻ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ(1.6.2017 മുതൽ 6.6.2017 വരെ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കുമാരി.രമ്യ.പി.എം | 01.04.2016 - 31.03.2017 |
| സെക്രട്ടറി | ശ്രീ.റിച്ച്മോൻ.കെ.എ | 01.04.2016 – 16.06.2016 |
| | ശ്രീമതി.പങ്കജം.എം.വി (അഡീഷണൽ ചാർജ്) | 17.06.2016 – 22.06.2016 |
| | ശ്രീ.ജോർജ് ജോസഫ് | 23.06.2016 - 31.03.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. സീന അലക്സ് | 01.04.2016 – 31.03.2017 |
| കൃഷി അസിസ്റ്റന്റ് ഡയരക്ടർ | ശ്രീ.വിനോദ് കുമാർ.എം | 01.04.2016 – 31.03.2017 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.പി.പ്രേംകുമാർ | 01.04.2016 – 31.03.2017 |
| മെഡിക്കൽ ഓഫീസർ, ചെറുവാടി സി എച്ച് സി | ഡോ.സുഗതകുമാരി.പി.സി | 01.04.2016 – 31.03.2017 |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി.ടി.ഗീത | 01.04.2016 – 31.03.2017 |
| വ്യവസായ വികസന ഓഫീസർ | ശ്രീ.അജിത് കുമാർ.ടി.വി | 01.04.2016 – 1.07.2016 |
| | ശ്രീ.രാധാകൃഷ്ണൻ.കെ | 02.07.2016 – 31.03.2017 |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി.സ്മിത.കെ | 01.04.2016 – 31.07.2016 |
| | ശ്രീ.സനിൽകുമാർ.പി | 01.08.2016 – 31.03.2017 |

## ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | ഖണ്ഡിക | പേജ് നമ്പർ |
|---|---|---|---|
| ഭാഗം-1 പൊതു അവലോകനം | | | |
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക | |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | |

| | | | |
|---|---|---|---|
| 4 | 1-4 | സാമ്പത്തിക വിശകലനം | |
| 5 | 1-5 | ഫണ്ട് വിനിയോഗം | |
| 6 | 1-6 | പദ്ധതി അവലോകനം. | |
| 7 | 1-7 | തനത് വരുമാനം. | |
| 8 | 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 9 | 1-9 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 10 | 2-1 | വാർഷികകണക്കിലെ അപാകതകൾ | |
| 11 | 3-1 | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - മേഖലാചുമതലയിൽ നിന്നും വ്യതിചലിച്ചു. | |
| 12 | 3-2 | പാലിയറ്റീവ് പരിചരണം - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | |
| 13 | 3-3 | പട്ടികജാതി കോളനി സമഗ്രവികസനം - അപാകതകൾ | |
| 14 | 3-4 | പഴം പച്ചക്കറി വിപണന കേന്ദ്രങ്ങൾ-മേഖല ചുമതലയിൽ നിന്നും വ്യതിചലിച്ചു. | |
| 15 | 3-5 | മാലിന്യ സംസ്കരണത്തിന് തുക നൽകൽ - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ. | |
| 16 | 3-6 | മേഖലാ ചുമതലയിൽപെടാത്ത പ്രവൃത്തികൾക്ക് ബ്ളോക്ക് പഞ്ചായത്ത് നിർവ്വഹണം നടത്തുന്നു. | |
| 17 | 3-7 | കരാർ വെക്കാതെ വാട്ടർ അതോറിറ്റിയിൽ പ്രവൃത്തിക്കായി പണം നിക്ഷേപിച്ചു. | |
| 18 | 3-8 | കല്ലറ കോളനി സ്റ്റേജ് ഗ്രൗണ്ട് പൂർത്തീകരണം - അപാകതകൾ | |
| 19 | 3-9 | ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാചുമതലയിൽപ്പെടാത്ത റോഡുകളിൽ പ്രവൃത്തി ചെയ്യുന്നു | |
| 20 | 3-10 | സാറ്റലൈറ്റ് ഡയറി ഫാം - അപാകതകൾ | |
| 21 | 3-11 | വിനിയോഗവിവരം ലഭ്യമാക്കിയില്ല | |
| 22 | 3-12 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ പദ്ധതിവിഹിതം വകയിരുത്തിയെങ്കിലും തുകചെലവഴിച്ചില്ല. | |
| ഭാഗം-4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 23 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 24 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |

| | | | |
|---|---|---|---|
| 25 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 26 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് | |
| 27 | 4-5 | സ്ഥിരനിക്ഷേപങ്ങൾ | |
| 28 | 4-6 | ഓഡിറ്റ് റിക്കവറി | |
| 29 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | |
| 30 | 4-8 | ഓഡിറ്റ് പ്രത്യവലോകനം | |
| 31 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | |
| 32 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 4.3.2016 തിയതിയിലെ22(1)/16 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 7.07.2017 | --- | --- |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടു കൂടിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം.1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 34828772 |
| വരവ് | 124879382 |
| ആകെ | 159708154 |
| ചെലവ് | 132114789 |
| നീക്കിയിരിപ്പ് | 27593365 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവു ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 42613703 | 42613703 | 33132811 | 9480892 | 78 |
| വികസനഫണ്ട് എസ്.സി.പി. | 0 | 21152436 | 21152436 | 17040067 | 4112369 | 80.55 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 633117 | 633117 | 409943 | 223174 | 64.74 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6599412 | 6599412 | 4320937 | 2278475 | 65.47 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 123 | 69 | 8 | 46 | 56.09 |

## 1-7 തനത് വരുമാനം.

ബ്ലോക്ക് പഞ്ചായത്തിൽ തനത് വരുമാനത്തിന്റെ ലഭ്യത കുറവായതിനാൽ ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടില്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.7.2017 | 15.10.2016 to 15.7.2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.1.2015 | 2009-10 മുതൽ 2013-14 വരെ | LBA(HQ)VI/8A /2268/157/23.4.2015 |

## 1-9 ഓഡിറ്റ് സാക്ഷ്യപത്രം

2016-17 വർഷത്തെ ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം 1ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

2016-17 വർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൻ വർഷം അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

2. ബജറ്റ് ഫങ്ഷൻ ആന്റ് ഫങ്ഷണറി അടിസ്ഥാനത്തില്ല തയ്യാറാക്കിയിട്ടുള്ളത്.

3. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കി മൂല്യ നിർണയത്തുക വാർഷികകണക്കിൽ ഉൾപ്പടുത്തിയിട്ടില്ല.
4. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ്,നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.മേലപാകതകൾ നിലനില്ക്കുന്നതിനാൽ ഈ പത്രികയിൽ ശരിയായ രീതിയിൽ പഞ്ചായത്തിന്റെ കണക്കുകൾ പ്രതിഫലിയ്ക്കുന്നില്ല. അപാകതകൾ പരിഹരിയ്ക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - മേഖലാച്ചുമതലയിൽ നിന്നും വ്യതിചലിച്ചു.

കുന്ദമംഗലം ബ്ലോക്കു പഞ്ചായത്തിന്റെ അധീനതയിൽ കുന്ദമംഗലം ടൗണിലുള്ള 90സെന്റ് സ്ഥലത്ത് 424.98 ച.മീ. വിസ്തൃതിയുള്ള ഒരു മൂന്നു നില ഷോപ്പിംഗ് കോംപ്ലക്സ് പണിയുവാൻ 9.10.2012 ലെ ഭരണസമിതി യോഗത്തിൽ 6(1) നമ്പരായി തീരുമാനമെടുത്തു. ഇതിനായി 90 ലക്ഷം രൂപയുടെ ഒരു റഫ് കോസ്റ്റ് എസ്റ്റിമേറ്റിന് അംഗീകാരവും നൽകി. തുടർന്ന് 20.10.2014 ൽ ബി.എൽ.നം. 404/14-15 നമ്പർ ഉത്തരവു പ്രകാരം കെട്ടിട നിർമ്മാണത്തിന് കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ നിന്ന് അനുമതിയും വാങ്ങി.

ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് അനുമതി ലഭിക്കുവാൻ 12.11.2012 ലെ ഇ. 2154/12 നമ്പർ കത്തു പ്രകാരം ഗ്രാമവികസന കമ്മീഷണറോട് അഭ്യർത്ഥിച്ചുവെങ്കിലും ബ്ലോക്ക് ഓഫീസിന്റെ കോമ്പൗണ്ടിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതു് കേരള പഞ്ചായത്ത് രാജ് ആക്ടനുസരിച്ച് ബ്ലോക്കു പഞ്ചായത്തിന്റെ ചുമതലയിൽ പ്പെടാത്തതായതിനാൽ അനുമതി നിരസിച്ചു. എന്നാൽ 7.2.2013 ലെ 4(8) നമ്പർ തീരുമാനം പ്രകാരം ഗ്രാമ വികസന കമ്മീഷണറുടെ തീരുമാനത്തിൽ പുനപരിശോധന ഉണ്ടാകുന്നതിന് അടിയന്തിരമായി നടപടിയെടുക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. തുടർന്ന് 2.4.2013 ന് ബ്ലോക്കു പഞ്ചായത്ത് പ്രസിഡന്റ് ഗ്രാമവികസന -ആസൂത്രണ-സാംസ്കാരിക – നോർക്ക വകുപ്പ് മന്ത്രിക്കും, ബ്ലോക്കു പഞ്ചായത്ത് സെക്രട്ടറി അസി.ഡവലപ്പമെന്റ് കമ്മീഷണർ, ഗ്രാമവികസനകമ്മീഷണർക്കും നല്കിയ കത്തുകളിലൂടെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് അനുമതി നിരസിച്ചതു് പുനപരിശോധിക്കാനപേക്ഷിച്ചു. മേൽ പരാമർശിച്ച കത്തുകളുടെ അടിസ്ഥാനത്തിൽ സ.ഉ.(സാധാ) നം.748/14/തസ്വഭവ. തീ.12.3.2014 പ്രകാരം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പ്രൊജക്ടിന് കടമുറികൾ ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിക്കുന്നതിനും നിർമ്മാണച്ചെലവിനുള്ള ഫണ്ട് സമാഹരിക്കുന്നതിലേക്കും നിരാക്ഷേപ സാക്ഷ്യപത്രം നൽകി ഉത്തരവും ലഭിച്ചു.

ഫണ്ട് കണ്ടെത്തുന്നതിനായി 14 മുറികൾ ലേലം ചെയ്യുന്നതിന് തീരുമാനിച്ചു. ലേലനിബന്ധന പ്രകാരം ലേലം പിടിച്ചാൽ 10% തുക ലേലദിവസം അടയ്ക്കേണ്ടതും ബാക്കി 40% തുക 10 ദിവസത്തിനുള്ളിൽ അടച്ച് പഞ്ചായത്തുമായി കരാർ വെക്കേണ്ടതുമാണ്. ലേലം അംഗീകരിച്ച് കെട്ടിടം ഏറ്റെടുക്കാൻ നോട്ടീസ് ലഭിച്ചാൽ നോട്ടീസിൽ പറഞ്ഞിരിക്കുന്ന തീയതിക്കുള്ളിൽ അവസാനഗഡു 50% തുക അടക്കേണ്ടതാണ്. 9.3.15ന് ആദ്യലേലം നടത്തിയെങ്കിലും ലേലതുക കുറവായതിനാൽ 24.3.15ന് പുനർലേലം നടത്താൻ തീരുമാനിച്ചു. 24.3.15ന് നടന്ന ലേലനടപടികൾ സംബന്ധിച്ച് വ്യാപകമായ പരാതി ഉയർന്ന സാഹചര്യത്തിൽ പ്രസ്തുതലേലം റദ്ദു ചെയ്യാൻ തീരുമാനിച്ചു.(തീരുമാനം നം.30(1)/15തീയതി 7.4.15).12.8.15ന് വീണ്ടും ലേലം നടത്തുകയും കൂടിയ തുക ക്വാട്ട് ചെയ്തവരുടെ പേരിൽ ലേലം ഉറപ്പിക്കുകയും ചെയ്തു.(തീരുമാനം നം.57(1)/15തീയതി 13.8.15). സെക്യൂരിറ്റി തുകയിൽ അടവാക്കുവാൻ

ബാക്കിയുള്ള 40% തുക അടവാക്കാനാവശ്യപ്പെട്ടുകൊണ്ട് 9.6.16, 8.7.16 തീയതികളിൽ രജിസ്റ്റേർഡ് കത്തുകൾ അയച്ചെങ്കിലും ആരും തുക അടവാക്കാത്തതിനാൽ അടവാക്കിയ 10% തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാനും 25.10.16ന് പുനർലേലം നടത്തുവാനും തീരുമാനിച്ചു. 25.10.16ന് നടന്ന ലേലത്തിൽ ലേലം കൊണ്ടവരുടെയും തുക അടവാക്കിയതിന്റെയും വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | മുറി | ലേലം കൊണ്ട വ്യക്തിയുടെ പേര് | വാടക | സെക്യൂരിറ്റി തുക | അടവാക്കിയ തുക(10%) | അടവാക്കാനുള്ള തുക(40%) |
|---|---|---|---|---|---|---|
| 1 | ജി1 | കെ.പി.നാരായണൻ | 12,000 | 12,05,000 | 1,20,500 | 4,82,000 |
| 2 | ജി2 | സി.ഹസ്സൻ | 12,000 | 12,05,000 | 1,20,500 | 4,82,000 |
| 3 | ജി3 | ആലിയ്യി.കെ.എം. | 12,000 | 12,05,000 | 1,20,500 | 4,82,000 |
| 4 | ജി4 | സജിത.പി.പി | 12,000 | 6,05,000 | 60,500 | 2,42,000 |
| 5 | ജി5 | ഉമ്മർ വെള്ളലശ്ശേരി | 12,000 | 12,05,000 | 1,20,500 | 4,82,000 |
| 6 | ജി7 | കെ.പി.നാരായണൻ | 12,000 | 12,05,500 | 1,20,550 | 4,82,200 |
| 7 | എഫ് 1 | സി.ഹസ്സൻ | 9,000 | 6,40,000 | 64,000 | 2,56,000 |
| 8 | എഫ് 4 | വിഷ്ണുകുമാർ | 9,000 | 5,05,000 | 50,500 | 2,02,000 |

സെക്യൂരിറ്റി ഡെപ്പോസിറ്റായി ലഭിച്ച തുക പഞ്ചാബ് നാഷണൽ ബാങ്കിന്റെ കുന്ദമംഗലം ശാഖയിലെ 4304000105044179ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിൽ 3.9.2017ന് 464484രൂപ നീക്കിയിരിപ്പുണ്ട്.

അവശേഷിക്കുന്ന 6 മുറികൾ 24.5.17ന് ലേലം ചെയ്യുകയും എഫ്2 നം. മുറിയുടെ ലേലം ശ്രീ.വേണുഗോപാലൻ എം.കെ എന്നയാളുടെ പേരിൽ ഉറപ്പിക്കുകയും ചെയ്തു. ഇയാൾ ലേലതുകയുടെ 50% ആയ 2,87,500 രൂപ അടവാക്കിയിട്ടുണ്ട്. ജി6, എഫ്3, എഫ്5, എഫ്6, എഫ്7 എന്നീ മുറികൾ ഓഡിറ്റ് തീയതി വരെ ലേലം ചെയ്ത് നൽകിയിട്ടില്ല.

നിലവിൽ വൈദ്യുതീകരണം ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. വൈദ്യുതീകരണത്തിന് 2017-18 സാമ്പത്തികവർഷം പ്രൊജക്ട് വെച്ചിട്ടുണ്ട്. 31.3.2017 വരെ നടത്തിയ പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം 56,04,135രൂപയാണ് (3rd പാർട്ട് ബിൽ പ്രകാരം). ഇതുവരെ താഴെ പറയും പ്രകാരം 37,90,441രൂപ കരാറുകാരനായ ശ്രീ.അജയ്.ടി എന്നയാൾക്ക് നൽകിയിട്ടുണ്ട്.

| പാർട് ബിൽ തുക | നികുതി കഴിച്ച് കരാറുകാരന് നൽകിയ തുക | റിമാർക്സ് |
|---|---|---|
| 1st - 1036236 | 896376 | ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിച്ചു |

| | | |
|---|---|---|
| 2nd - 2068843 | 1774065 | 844065രൂപ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും<br>930000രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി ലഭിച്ച തുകയിൽ നിന്നും നൽകി |
| 3rd - 2499056 | 1120000 | ഫണ്ട് തികയാത്തതിനാൽ 1120000രൂപസെക്യൂരിറ്റി ഡെപ്പോസിറ്റായി ലഭിച്ച തുകയിൽ നിന്നും നൽകി. ബാക്കിയുള്ള979206 രൂപ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് നൽകാൻ തീരുമാനിച്ചു. |
| ആകെ - 56,04,135 | | |

ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. 25.10.16ന് നടന്ന ലേലത്തിൽ മുറികൾ ലേലം കൊണ്ട 8 പേർ നാളിതു വരെ അവശേഷിക്കുന്ന 40% തുക അടവാക്കിയിട്ടില്ല. ഇതുമൂലം ലേലം ചെയ്യാതെ കിടക്കുന്ന 5 മുറികൾ ഉൾപ്പെടെ 13കടമുറികൾ പുനർലേലം ചെയ്യുന്നതിനുള്ള സാഹചര്യം സംജാതമായി.

2. നിർമ്മാണത്തിനുള്ള ഫണ്ട്, മുറികൾ ലേലം ചെയ്ത് സമാഹരിക്കുന്നതിനാണ് സർക്കാർ അനുമതി ലഭിച്ചത്. എന്നാൽ ബിൽ തുക യഥാസമയം നൽകാത്തതിനാൽ കരാറുകാരൻ ശ്രീ.അജയ്.ടി ബഹു.കേരള ഹൈക്കോടതിയിൽ WP(c)Nx.37949/15ആയി കേസ് സമർപ്പിക്കുകയും ടിയാനനുകൂലമായി വിധി വരുകയും ചെയ്തു. 9.3.15, 12.8.15 തീയതികളിലെ ലേലം റദ്ദ് ചെയ്തപ്പോൾ മുതൽക്കൂട്ടിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയിൽ നിന്ന് 930000 രൂപ നൽകി. എന്നാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തികയാതെ വന്നതിനാൽ 1844065രൂപ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നൽകുകയാണ് ചെയ്തത്. ഇത് അനുമതി സാക്ഷ്യപത്രത്തിലെ നിബന്ധനകൾക്ക് വിരുദ്ധമാണ്.

3. പല തവണ ലേലം നടത്തേണ്ടി വന്നതിനാൽ പത്രപ്പരസ്യ ചെലവിനത്തിലും അധികതുക നൽകേണ്ടി വന്നിട്ടുണ്ട്.

4. 'ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് സർക്കാർ അനുമതി നൽകിയത് പഞ്ചായത്ത് രാജ് ആക്ടിന് വിരുദ്ധമായതിനാൽ നിർമ്മാണ പ്രവൃത്തികൾ തടയണമെന്നാവശ്യപ്പെട്ട് ' ശ്രീ. അഭിജിത് തുടങ്ങിയവർ നൽകിയ WP(C)No.23295/15നമ്പർ കേസ് ബഹു.കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. തൻമൂലം കേസ് നടത്തിപ്പിനും അധികച്ചെലവ് വന്നതായി കാണുന്നു.

ആകെയുള്ള 14 കടമുറികളിൽ 13 മുറികൾക്ക് ലേല നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിലും 40% തുക അടവാക്കാത്തതിനാൽ മുറികൾ പുനർലേലം ചെയ്യേണ്ട അവസ്ഥയിലാണ്. തനത് ഫണ്ട് വരുമാന വർദ്ധനവ് പ്രതീക്ഷിച്ച്, ദീർഘവീക്ഷണമില്ലാതെയും ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതുമായ, പ്രൊജക്ട് ഏറ്റെടുത്തത് മൂലം വരുമാനവർദ്ധനവിന് പകരം അധികച്ചെലവ് വരുത്തിവെച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-2 പാലിയറ്റീവ് പരിചരണം - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം. 117/17 പാലിയേറ്റീവ് കെയർ
നിർവഹണം. മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)
ബിൽ നം. 11/16-17/28.3.17/10,00,000/-

ബ്ലോക്കിനു കീഴിലുള്ള പഞ്ചായത്തുകളിൽ നിലവിലുള്ള പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കാവശ്യമായ വാട്ടർ ബെഡ്, എയർബെഡ്, ഓക്സിജൻ സിലിണ്ടർ, ബി.പി.അപ്പാരറ്റസ്, ഗ്ലൂക്കോമീറ്റർ, വാക്കർ, എയർ കുഷ്യൻ, ക്രച്ചസ്, വീൽചെയർ മുതലായവ വാങ്ങി നൽകുക എന്നതാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. ഇതിനായി നിർവഹണോദ്യോഗസ്ഥൻ 10,00,000 രൂപ "HLL Life care Ltd" എന്ന സ്ഥാപനത്തിന്റെ HLL/RED/LCC/VDK/2016-17/519നമ്പർ ഇൻവോയ്സ് പ്രകാരം മേൽപ്പറഞ്ഞ 47 ഇനം സാധനങ്ങൾക്കായി നൽകി.
<u>പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.</u>

1. സ.ഉ (എം.എസ്) 3299/16 ത.സ്വ.ഭ.വ 2.12.16 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടെണ്ടർ കൂടാതെ സാധനങ്ങൾ സർക്കാർ/അർദ്ധ സർക്കാർ, ഗവ. അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുമ്പോൾ ആ സ്ഥാപനം സ്വയം നിർമിച്ചവയാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അങ്ങനെയല്ലാത്ത സാധനങ്ങൾ പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണ്. കൂടാതെ അഞ്ചു ലക്ഷത്തിൽ കൂടുതലുള്ള വാങ്ങലുകൾക്ക് ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ "HLL Life care Ltd" എന്ന സ്ഥാപനത്തിന് സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി 10,00,000 രൂപ നേരിട്ട് മുൻകൂർ നൽകിയത് മേൽ ഉത്തരവിനു വിരുദ്ധമായ നടപടിയാണ്.
2. സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി മേൽ സ്ഥാപനത്തിന് 10,00,000 രൂപ മുൻകൂറായി നൽകിയെങ്കിലും ഇതുവരെ സാധനങ്ങൾ വിതരണം ചെയ്തിട്ടില്ല.
3. സ.ഉ (സാധാ) 3217/15 ത.സ്വ.ഭ.വ 29.10.15 ഖ 2.6.8 പ്രകാരം രോഗികൾക്കാവശ്യമായ വാട്ടർ ബെഡ്, എയർബെഡ്, ഓക്സിജൻ സിലിണ്ടർ, ബി.പി.അപ്പാരറ്റസ്, ഗ്ലൂക്കോമീറ്റർ, വാക്കർ, എയർ കുഷ്യൻ, ക്രച്ചസ് തുടങ്ങിയവ കഴിവതും പൊതു സമൂഹത്തിന്റെ സഹായത്താൽ ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇങ്ങനെ ലഭ്യമായിട്ടില്ലെങ്കിൽ മാത്രം പാലിയേറ്റീവ് പരിചരണ പ്രോജക്ടിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾക്ക് വാങ്ങാവുന്നതാണ്. എന്നാൽ അതിനു വേണ്ട യാതൊരു ശ്രമവും നടത്തിയതായി രേഖകൾ പ്രകാരം കാണുന്നില്ല.

4. ഗ്രാമ പഞ്ചായത്തുകളിലെ പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് മേൽപ്പറഞ്ഞ സാധനങ്ങൾ വാങ്ങി നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് അനുമതിയില്ല.
5. സാധനങ്ങൾ വിതരണം ചെയ്യേണ്ട"HLL Life care Ltd" സ്ഥാപനവുമായി നിർവഹണോദ്യോഗസ്ഥൻ കരാർ വെച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുന്നതിന് ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എന്ക്വയറിയ്ക്കു മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അപാകതകൾ നിലനിൽക്കുന്നു. ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 <u>പട്ടികജാതി കോളനി സമഗ്രവികസനം - അപാകതകൾ</u>

നിർവഹണഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

| | |
|---|---|
| എ) പ്രൊജക്ട് | - 70/17, കുന്നമ്മൽ കോളനി സമഗ്ര വികസനം |
| അടങ്കൽ | - 1230400, വികസന ഫണ്ട് (എസ് സി പി) |
| ചെലവ് | - 616671, ബിൽ നം. 52/31.3.17 |
| ഭരണാനുമതി | - 44(1)/16 തീയതി 3.8.2016 |
| സാങ്കേതികാനുമതി | - 38644/16-17 തീയതി 10.12.16 |
| അളവുപുസ്തകം | - 128/16-17 |
| കരാറുകാരൻ | - ശ്രീ.എൻ.പി.ബാലൻ |

പെരുവയൽ ഗ്രാമപഞ്ചായത്തിലെ കുന്നമ്മൽ കോളനിയിലെ ശ്രീ.മൂത്തോറൻ, ശ്രീ.ബാബു എന്നിവരുടെ പുരയിടം സംരക്ഷിക്കുന്നതിന് RCC സംരക്ഷണഭിത്തി കെട്ടുന്നതിനും കോളനിയിലേക്കുള്ള ഫുട്പാത്ത്

സംരക്ഷിക്കുന്നതിനുമാണ് പ്രൊജക്ട് തയ്യാറാക്കിയത്. ഇതു പ്രകാരം RCC മതിൽ കെട്ടുന്ന പ്രവൃത്തി ചെയ്തതിന് കരാറുകാരന് 616671 രൂപ പാർട്ട്ബിൽ അനുവദിച്ചിട്ടുണ്ട്.

ബി) പ്രൊജക്ട് - 97/17 കരിയാത്തൻകുന്ന് കോളനി സമഗ്ര വികസനം

അടങ്കൽ - 500000, വികസന ഫണ്ട് (എസ് സി പി)

ചെലവ് - 404258, ബിൽ നം. 31/30.3.17

ഭരണാനുമതി - 44(1)/16 തീയതി 3.8.2016

സാങ്കേതികാനുമതി - 2943/16-17 തീയതി 4.11.16

അളവുപുസ്തകം - 31/16-17

കരാറുകാരൻ - ശ്രീ.കെ.പി.നാരായണൻ

ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ കരിയാത്തൻകുന്ന് കോളനിയിലെ 4 വീടുകൾക്ക് സംരക്ഷണഭിത്തി കെട്ടുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. പ്രവൃത്തി പൂർത്തീകരിച്ച് 404258 രൂപ കരാറുകാരന് ഫൈനൽ ബിൽ അനുവദിച്ചിട്ടുണ്ട്.

<u>മേൽ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ പറയുന്നു.</u>

1. കേരളപഞ്ചായത്ത് രാജ് നിയമം 172ാം വകുപ്പ്(1)ാം ഉപവകുപ്പിലെ നാലാം പട്ടികയിലെ ക്രമനം. IX പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുകയാണ് ബ്ലോക്കിന്റെ ചുമതല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്വകാര്യവ്യക്തികളുടെ പുരയിടത്തിന് മതിൽ കെട്ടാൻ ആധാരമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്.

2. ജി.ഒ.(എം.എസ്)4/16 തീയതി 11.1.16 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 6.11([ഡി) പ്രകാരം കോളനി വികസനത്തിന്റെ കാര്യത്തിൽ സമഗ്ര പരിപാടി തയ്യാറാക്കിയ ശേഷം ഫണ്ട് വകയിരുത്തിക്കൊണ്ട് ചെയ്യാനുദ്ദേശിക്കുന്ന സമഗ്രപരിപാടിയുടെ ഘടകങ്ങളായ ഓരോ പ്രവർത്തനവും ഓരോ പ്രൊജക്ടായി തയ്യാറാക്കണം. എല്ലാം കൂടി ചേർത്ത് സമഗ്രപട്ടികജാതി കോളനി വികസനം എന്ന പേരിൽ ഒരു പ്രൊജക്ടായി തയ്യാറാക്കാൻ പാടില്ല.

മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് തയ്യാറാക്കിയതിന് വിശദീകരണം നൽകാനും ഖണ്ഡിക പ്രകാരമുള്ള അനുമതി വിവരം ഹാജരാക്കാനുമാവശ്യപ്പെട്ടു കൊണ്ട് നൽകിയ 6.6.17ലെ ഓഡിറ്റ് എൻക്വയറി നം.2ന് മറുപടി സമർപ്പിച്ചിട്ടില്ല. ചെലവ് തുക 10,20,929 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-4 <u>പഴം പച്ചക്കറി വിപണന കേന്ദ്രങ്ങൾ– മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.</u>

പ്രോജക്റ്റ് നം. – 053/17

അടങ്കൽ – 390000/-

ചെലവ്-384174/-
ബിൽനം-1/16-17/21.3.17
നിർവ്വഹണം – കൃഷി അസിസ്റ്റന്റ് ഡയറക്ടർ

കുരുവട്ടൂർ,,ചാത്തമംഗലം,കാരശ്ശേരി,കൊടിയത്തൂർ,പെരുവയൽ,മാവൂർ എന്നീ പഞ്ചായത്തുകളിലേക്കു കൃഷിഭവൻ,മുഖേന നടപ്പിലാക്കിയ ഈപദ്ധതി പ്രകാരം കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും പഴം പച്ചക്കറി വിപണന ബങ്ക്

നേരിട്ടുവാങ്ങിനല്കുന്നതിന ലക്ഷ്യമിട്ടിരുന്നു.ഒരു ബങ്കിനു60980/-നിരക്കിൽ60 ബങ്കുകൾക്ക്5% വാറ്റടക്കം3,84,174/- രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്.പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)11.1.2016 ലെ ജി.ഒ(എം.എസ്)4/2016/തസ്വഭവ സബ്സിഡി മാർഗ്ഗ രേഖ പ്രകാരം ഇപ്രകാരം വിപണനത്തിനായി ഒരു ബങ്ക്100% അല്ലെങ്കിൽഅതിൽ കുറവ് സബ്സിഡി നല്കി വാങ്ങി നല്കുന്നതിന കൃഷിമേഖലയിൽ നിർദ്ദേശിച്ചതായി കാണുന്നില്ല.ആനുകൂല്യം നല്കിയ ക്ലസ്റ്റർ ഗ്രൂപ്പുകളെ /സിഡിഎസിനെ എപ്രകാരം തെരഞ്ഞെടുത്തു എന്നും അംഗങ്ങൾ ബിപിഎൽ ലിസ്റ്റിൽ ഉൾപ്പെട്ടവരാണോയെന്നും വ്യക്തമല്ല.പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതത്തിന് പങ്കുണ്ടെന്നു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃ വിഹിതം പിരിച്ചടച്ചിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിലെ അനുബന്ധം16 ലെ 2.6 പ്രകാരം ഉല്പാദനോപാധികളും,യന്ത്ര സാമഗ്രികളും അടക്കമുള്ള എല്ലാ മേഖലയിലേയും വസ്തുക്കൾ,ആസ്തികൾ മുതലായവ നിർവ്വഹണ ഉദ്യോഗസ്ഥർ വാങ്ങി നല്കുമ്പോൾ ഗുണഭോക്തൃ വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അടയ്ക്കേണ്ടതുംനിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങൾമാർഗ്ഗ രേഖയിൽ പ്രത്യേകം പരാമർശിയ്ക്കാത്ത സംഗതികളിൽ ജി.ഒ.(പി)259/10 തസ്വഭവ പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമായിരിയ്ക്കണം എന്നു നിഷ്കർഷിയ്ക്കുന്നു.മേൽ നിബന്ധനകൾ ഇവിടെ പാലിച്ചിട്ടില്ല.

2)കാർഷിക ഉല്പന്നങ്ങളുടെ വിപണനം നടത്തുകയെന്നത് ജില്ലാപഞ്ചായത്തിന്റെ ചുമതലയായതിനാൽ ബ്ലോക്കു പഞ്ചായത്ത് പ്രസ്തുത പദ്ധതി ഏറ്റെടുത്തത് എന്തിനെന്ന് വ്യക്തമല്ല.വിവിധ പഞ്ചായത്തുകളിലെ ഗ്രൂപ്പുകളെ ഗ്രാമസഭ വഴി തെരെഞ്ഞെടുത്ത് ഗ്രാമപഞ്ചായത്തുകളിലെ കൃഷി ഓഫീസർമാർ ശുപാർശചെയ്ത ലിസ്റ്റ് ബ്ളോക്കുപഞ്ചായത്ത് അംഗീകരിച്ച് പ്രോജക്ട് തയ്യാറാക്കുകയും അതിൻപ്രകാരം സാധനങ്ങൾ വാങ്ങുകയും സ്റ്റോക്കിലെടുത്ത് അതാതു പഞ്ചായത്തുകൾക്കു വിതരണം ചെയ്യുകയും വേണ്ടതാണ്. എന്നാൽ ആയവ ഇവിടെ പാലിച്ചിട്ടില്ല. ഇപ്രകാരം ആസ്തി വാങ്ങി നല്കുമ്പോൾ എഗ്രിമെന്റ് വയ്ക്കേണ്ടതും, ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.

3)ഹാജരാക്കിയ ഫയലിനൊപ്പം ചാത്തമംഗലം സിഡിഎസ് , ചെയർപേഴ്സൺ,പെരുമണ്ണ പച്ചക്കറി ക്ലസ്റ്റർ,പ്രസിഡന്റ്,കൊടിയത്തൂർ പച്ചക്കറി ക്ലസ്റ്റർ, കൺവീനർ,ഹരിതപച്ചക്കറി ക്ളസ്റ്റർ , കാരശ്ശേരി എന്നിവർ ബങ്ക് കിട്ടി ബോധിച്ചുവെന്ന് വെള്ളക്കടലാസ്സിൽ ഡിറ്റിപി രസീതിൽ ഒപ്പുവച്ചു കൗണ്ടർ സൈൻ ചെയ്തത് മാത്രമാണു സൂക്ഷിച്ചിട്ടുള്ളത്.പ്രസ്തുത ബങ്കുകൾ സ്ഥാപിക്കുന്നതിന് അതാത് മുനിസിപ്പാലിറ്റി/ പഞ്ചായത്തിൽ നിന്നുള്ള പെർമിറ്റ് വിപണനത്തിനുള്ള ലൈസൻസ് എന്നിവ അടങ്ങിയ ഗ്രൂപ്പുകളുടെ അപേക്ഷാ ഫോറമോ,ഗ്രാമ പഞ്ചായത്തുകളുടെ ആവശ്യകതാ പത്രമോ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല.ബങ്കുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പേരുൾപ്പടെ ഏതു പദ്ധതിപ്രകാരം ,ഏതുവർഷം ലഭിച്ചതാണ് എന്നും രേഖപ്പെടുത്തിയിട്ടില്ല. ഏതെല്ലാം സ്ഥലങ്ങളിൽ സ്ഥാപിച്ചുവെന്നും ഫയലിൽ നിന്നും ലഭ്യമല്ല.ബങ്കു പ്രോജക്ടിൽ നിഷ്കർഷിച്ചിട്ടുള്ള അളവിൽ തന്നെ നിർമ്മിച്ചിട്ടുള്ളതായി അസിസ്റ്റന്റ്എഞ്ചിനീയർ/ഓവർസിയർ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

4)കൂടാതെ കെ.എസ്.ഐ.ഇ പ്രസ്തുത ബങ്കുകൾ നിർമ്മിയ്ക്കുന്നുണ്ടെന്നും,മേൽസ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനും അനുമതി നല്കികൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.പ്രസ്തുത സ്ഥാപനത്തിന് തുകനല്കിയതിന്റെ അക്കൗണ്ടബിൾ രസീത് ഹാജരാക്കിയിട്ടില്ല.മേലപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്കു ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.ആയതിനാൽ അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 3-5 മാലിന്യ സംസ്കരണത്തിന് തുക നൽകൽ - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ.

പ്രോജക്ട് – 137/17 മാലിന്യ സംസ്കരണം

ബിൽ നം – 34/16-17 19,00,000 30.3.17

നിർവഹണം – സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പഞ്ചായത്തുകളിലെ മാലിന്യസംസ്കരണത്തിന് പഞ്ചായത്തിന്റെ പ്രോജക്ടിന് ആനുപാതികമായി വിഹിതം നൽകുന്നതിന വേണ്ടിയാണ് പ്രോജക്ട് രൂപീകരിച്ചത്. പ്രോജക്ട് പ്രകാരം തുക വകയിരുത്തിയതിന്റെയും തുക നൽകിയതിന്റെയും വിശദാംശം താഴെ കൊടുക്കുന്നു.

| പഞ്ചായത്ത് | വകയിരുത്തിയ തുക | നൽകിയ തുക |
|---|---|---|

| | | |
|---|---|---|
| മാവൂർ | 1100000 | 1100000 |
| കുരുവട്ടൂർ | 400000 | 400000 |
| ചാത്തമംഗലം | 350000 | - |
| കാരശ്ശേരി | 400000 | 400000 |
| കുന്ദമംഗലം | 324150 | - |
| ആകെ | | 1900000 |

മാവൂർ ഗ്രാമപഞ്ചായത്ത് മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് രണ്ടു പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 199/17 നമ്പർ പ്രോജക്ട് (സമഗ്രമാലിന്യ സംസ്കരണം) പ്രകാരം മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പെട്ടികൾ സ്ഥാപിക്കുക, വീടുകളിൽ റിംഗ് കമ്പോസ്റ്റ് യൂനിറ്റ് വിതരണം ചെയ്യുക എന്നിവയാണ് ഉദ്ദേശിച്ചത്. ഇതിനു വേണ്ടി ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായി 7,00,000രൂപ ഗ്രാമപഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ രണ്ടാമത്തെ പ്രോജക്ടായ പ്രോജക്ട് 243/17 (പഞ്ചായത്തിലെ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരം തിരിച്ച് സംസ്കരണ സ്ഥലത്തേക്ക് കൊണ്ടു പോകൽ) പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായി ഗ്രാമപഞ്ചായത്ത് 4,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതു പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയ11,00,000 രൂപ മാവൂർ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്.

കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് 57/17 നമ്പർ പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണ സ്ഥലത്തേക്ക് കൊണ്ടു പോകുക, മാസം തോറും പഞ്ചായത്ത് ബസാർ ക്ലീനിംഗ് നടത്തുക, ക്ലീനിങ്ങിന് ആവശ്യമായ സാധനങ്ങൾ വാങ്ങുക എന്നീ പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായി 4,00,000 രൂപ വകയിരുത്തുകയും ആയത് നൽകുകയും ചെയ്തു.

കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 197/17 നമ്പർ പ്രോജക്ടായ "ക്ലീൻ കാരശ്ശേരി "എന്ന പ്രോജക്ട് പ്രകാരം കുടുംബങ്ങൾക്ക് ബക്കറ്റ് കമ്പോസ്റ്റ്, ബയോബിൻ നിർമിക്കുക എന്നിവയാണ് ഉദ്ദേശിച്ചത്. ഇതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായി 4,00,000 രൂപ വകയിരുത്തുകയും തുക നൽകുകയും ചെയ്തു.

<u>പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.</u>

1. സ.ഉ (എം.എസ്) 4/2016 ത.സ്വ.ഭ.വ തി. 11.1.16 ഖ. 11.12.v പ്രകാരം മാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്തുകൾ നടപടി സ്വീകരിക്കേണ്ടതാണ്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്ലാന്റിനു വേണ്ടി സ്ഥലം വാങ്ങൽ, പ്ലാന്റ് സ്ഥാപിക്കൽ എന്നിവക്കായി ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകളിലേക്ക് ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകാവുന്നതാണ്. മേൽ ഉത്തരവിലെ ഖണ്ഡിക vi പ്രകാരം മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് വേണ്ട തുക തനത് ഫണ്ടിൽ നിന്ന് ബജറ്റിൽ വകയിരുത്തേണ്ടതാണെന്ന് പ്രത്യകം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി, ഗ്രാമപഞ്ചായത്തുകൾ മാലിന്യ സംസ്കരണ പ്ലാന്റിനുവേണ്ടി സ്ഥലം വാങ്ങൽ, പ്ലാന്റ് സ്ഥാപിക്കൽ എന്നിവക്ക് വിഹിതം നൽകുന്ന പ്രോജക്ടുകൾ മാത്രമെ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കാവൂ എന്നിരിക്കെ മൂന്ന് ഗ്രാമപഞ്ചായത്തുകളിലെ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണ സ്ഥലത്തേക്ക് കൊണ്ടുപോകുന്നതിനും ബയോബിൻ, റിംഗ് കമ്പോസ്റ്റുകൾ മുതലായവ സ്ഥാപിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് 19,00,000 രൂപ നൽകി.

2. മേൽ ഉത്തരവിലെ ഖണ്ഡിക iv പ്രകാരം കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും മാലിന്യ സംസ്കരണ പ്ലാന്റുകൾ/യൂനിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമെ അനുമതിയുള്ളു. എന്നാൽ ഇതിനു വിരുദ്ധമായി മേൽ പറഞ്ഞ പ്രവർത്തനങ്ങൾക്ക് മാവൂർ ഗ്രാമപഞ്ചായത്തിന് 7,00,000 രൂപയും കാരശ്ശേരി ഗ്രാമപഞ്ചായത്തിന് 4,00,000 രൂപയും നൽകി.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ 19,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 <u>മേഖലാ ചുമതലയിൽപെടാത്ത പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണം നടത്തുന്നു.</u>

പഞ്ചായത്ത് രാജ് നിയമങ്ങൾ 172-ം വകുപ്പ് 2-ാം ഉപവകുപ്പിലെ 4-ം പട്ടിക പ്രകാരം ബ്ളോക്ക് പഞ്ചായത്തുകളുടെ മേഖല തിരിച്ചുള്ള ചുമതലകൾ പ്രതിപാദിച്ചിട്ടുണ്ട്. ആയതിൽ സാംസ്കാരിക നിലയങ്ങൾ

സ്ഥാപിക്കൽ, സംരക്ഷിക്കൽ എന്നിവ ബ്ളോക്കു പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നില്ല. 166-ാംവകുപ്പ്1-ാം ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ചുമതലകളിലാണ് ആയവ പെടുത്തിയിട്ടുള്ളത്.11.1.2016ലെ സ.ഉ.(പി)നം-4/16മാർഗ്ഗരേഖയിലും ബ്ളോക്ക് ഏറ്റെടുക്കാവുന്ന മരാമത്ത് പണികളിൽ പ്രസ്തുത പദ്ധതി പ്രതിപാദിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ വിശദാംശങ്ങൾ | തുക,ബിൽ നം/തീയതി. | കോൺട്രാക്ടറുടെ പേര് | അഭിപ്രായക്കുറിപ്പ്. |
|---|---|---|---|---|
| 1. | നം-s0005/17<br>പെരുമണ്ണ എളവനപ്പാടം സാംസ്കാരിക നിലയം ഇലക്ട്രിഫിക്കേഷൻ.(സ്പില്ലോവർ)<br>അടങ്കൽ-500000/-<br>ചെലവ്-63747/-<br>എം.ബുക്ക് നം-55/2016-17 | ബിൽ നം-13/16-17 /18.3.17 | മനോജ് .റ്റി.കെ. | |
| 2) | കൽപ്പള്ളി സാംസ്കാരിക നിലയം മാവൂർ.<br>പ്രോജക്ട് നം-s0001/17<br>അടങ്കൽ-500000/-<br>ചെലവ്-58919/-<br>എം ബുക്ക് നം-108/2017 | 58919/-<br>ബിൽ നം-<br>36/16-17/31.3.2017 | മനോജ്.റ്റി.കെ. | |
| 3 | കുന്നമംഗലം ഇട്ടവാട്ടിൽതാഴം സാംസ്കാരിക നിലയം വൈദ്യുതീകരണം.പ്രോജക്റ്റ് നം-s0018/17<br>അടങ്കൽ-81242<br>ചെലവ്-49602/-<br>എം ബുക്ക് നം.53/16-17 | 49602/-ബിൽ നം-9/16-17/30.1.2017 | മനോജ് ടി.കെ | |
| 4 | കുന്നമംഗലം പരപ്പാറ ചെമ്പക്കോട്ട് സാംസ്കാരിക നിലയം പ്രൊജക്ട് നം. 4/17<br>അടങ്കൽ -500000<br>ചെലവ് - 417293 എംബുക്ക് നം 43/15-16 | ബിൽ നം. 11/18.3.17 | ശ്രീഹരി.വി.പി | |
| 5 | ഇയ്യപ്പടിക്കൽ സാംസ്കാരിക നിലയം പൂർത്തീകരണം<br>പ്രൊജക്ട് നം.SOO2/17<br>അടങ്കൽ-500000<br>ചെലവ്-368863 എം ബുക്ക് നം.<br>41/16-17, 43/16-17 | ബിൽ നം 12/18.3.17 | പി.മനോജ് | |
| | ആകെ-958424/രൂപ | | | |

അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്കു മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 കരാർ വെക്കാതെ വാട്ടർ അതോറിറ്റിയിൽ പ്രവൃത്തിക്കായി പണം നിക്ഷേപിച്ചു.

പ്രോജക്ട് നം - 105/17 കയ്യുണമ്മൽ കുടിവെള്ള പദ്ധതി. (എസ്.സി.പി)
ബിൽ നം. – 25/16-17 990000/- 10.3.17.
പ്രോജക്ട് നം. – 101/17 പാറമ്മൽ കുടിവെള്ള പദ്ധതി. (എസ്.സി.പി)
ബിൽ നം. – 24/16-17 638000/- 10.3.17.
നിർവഹണം- സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ കയ്യൂണമ്മൽ കുടിവെള്ള പദ്ധതിയുടെയും ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ പാറമ്മൽ കുടിവെള്ള പദ്ധതിയുടെയും പൈപ്പ് ലൈൻ നീട്ടുന്നതിന് വേണ്ടി യഥാക്രമം 9,90,000 രൂപയും 6,38,000 രൂപയും കേരള വാട്ടർ അതോറിറ്റിയിൽ പ്രവൃത്തി നടത്തുന്നതിനായി നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ സാക്ഷ്യപത്രം, തുക ലഭിച്ചതു സംബന്ധിച്ച കൈപ്പറ്റ് രശീതി എന്നിവ ലഭ്യമാക്കിയിട്ടില്ല. കൂടാതെ തുക നൽകുന്നതിനു മുമ്പ് കേരള വാട്ടർ അതോറിറ്റിയുമായി കരാർ വെച്ചിട്ടില്ല. സ്ഥാപനവുമായി കരാർ വെക്കാതെ തുക നൽകിയത് വീഴ്ചയാണ്.മേൽ അപാകതകൾക്ക് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.കരാർ വയ്ക്കാതെ തുക നല്കിയതിനാലും,പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം കൈപ്പറ്റ് രസീതി എന്നിവ ഹാജരാക്കാത്തതിനാലും ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 കല്ലറ കോളനി സ്റ്റേജ് ഗ്രൗണ്ട് പൂർത്തീകരണം - അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

എ) പ്രൊജക്ട് - 11/17, കല്ലറ കോളനി സ്റ്റേജ് ഗ്രൗണ്ട് പൂർത്തീകരണം

അടങ്കൽ - 700000, വികസന ഫണ്ട് (എസ് സി പി)

ചെലവ് - 674409, ബിൽ നം. 8/30.1.2017

ഭരണാനുമതി - 32(1)/15 തീയതി 29.4.15

സാങ്കേതികാനുമതി - AEE/KBP/452/15-16

അളവുപുസ്തകം - 39/16-17

കരാറുകാരൻ - ശ്രീ.എം.ടി.ബിജു

ബി) പ്രൊജക്ട് - 24/17 കല്ലറ കോളനി ഗ്രൗണ്ട് നവീകരണം

അടങ്കൽ - 519640, വികസന ഫണ്ട് (എസ് സി പി)

ചെലവ് - 493094, ബിൽ നം. 6/30.1.2017

ഭരണാനുമതി - 32(1)/15 തീയതി 29.4.15

സാങ്കേതികാനുമതി - AEE/KBP/527/15-16

അളവുപുസ്തകം - 64/15-16, 42/16-17

കരാറുകാരൻ - ശ്രീ.എം.ടി.ബിജു

കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ വാർഡ് 21ലെ കല്ലറ കോളനിയിലെ ഗ്രൗണ്ടിന്റെ റോഡിന് എതിർവശത്തായുള്ള ഭാഗത്ത് സംരക്ഷണഭിത്തി കെട്ടുന്നതിനാണ് മേൽ പറഞ്ഞ 2 പ്രൊജക്ടുകൾ തയ്യാറാക്കിയത്. പ്രൊജക്ട് 11/17 പ്രകാരം 15മീറ്റർ നീളത്തിലും 6മീറ്റർ ഉയരത്തിലും പ്രൊജക്ട് 24/17 പ്രകാരം 10 മീറ്റർ നീളത്തിലും 6മീറ്റർ ഉയരത്തിലും കോൺക്രീറ്റ് തൂണുകളും ബെൽറ്റുകളും നിർമ്മിച്ച് ഇടയിൽ കരിങ്കല്ല് കൊണ്ട് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

മേൽ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1) കേരളപഞ്ചായത്ത് രാജ് നിയമം 172ാം വകുപ്പ്(1)ാം ഉപവകുപ്പിലെ നാലാം പട്ടികയിലെ ക്രമനം. IX പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുകയാണ്

ബ്ലോക്കിന്റെ ചുമതല. കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതും പരിപാലിക്കുന്നതും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. (കേരളപഞ്ചായത്ത് രാജ് നിയമം 166 വകുപ്പ്(1)ാം ഉപവകുപ്പിലെ മൂന്നാം പട്ടിക കാണുക). സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കളിസ്ഥലത്തിന് സംരക്ഷണഭിത്തി നിർമ്മിക്കാൻ ആധാരമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്.

2. 2 പ്രവൃത്തികളും ചെയ്തിരിക്കുന്നത് ഒരു കരാറുകാരൻ തന്നെ ആണ്. ഒരേ ഇനങ്ങൾ ഉൾപ്പെട്ട പ്രവൃത്തികളിൽ ആദ്യ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 2.13% കുറവിലും രണ്ടാമത്തെ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 3.1% കുറവിലുമാണ് ചെയ്തിരിക്കുന്നത്.

മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് തയ്യാറാക്കിയതിന് വിശദീകരണം നൽകാനും ഖണ്ഡിക 1 പ്രകാരമുള്ള അനുമതി വിവരം ഹാജരാക്കാനുമാവശ്യപ്പെട്ട് കൊണ്ട് നൽകിയ 6.6.17ലെ ഓഡിറ്റ് എൻക്വയറി നം.8ന് മറുപടി സമർപ്പിച്ചിട്ടില്ല. ചെലവ് തുക 11,67,503രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-9 ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാചുമതലയിൽപ്പെടാത്ത റോഡുകളിൽ പ്രവൃത്തി ചെയ്യുന്നു

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ നിർവ്വഹണഉദ്യോഗസ്ഥനായ പദ്ധതിച്ചെലവ് പരിശോധനയിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള ആറ് മീറ്ററിലും കുറഞ്ഞ വീതിയുള്ള റോഡുകളിൽ പ്രവൃത്തി ചെയ്തതായി കാണുന്നു. കേരളപഞ്ചായത്ത് രാജ് നിയമം172ാംവകുപ്പ്(1)ാംഉപവകുപ്പിലെ നാലാം പട്ടികയിൽ ഒന്നിൽ കൂടുതൽ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള റോഡുകളിലാണ് ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തി ചെയ്യേണ്ടതെന്ന് നിഷ്കർഷിക്കുന്നുണ്ട്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖകളിലും സർക്കാർ ഉത്തരവു കളിലും അഞ്ച് മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകളിലാണ് ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തി ചെയ്യേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. (ജി.ഒ.(എംഎസ്) 225/12. ത സ്വ ഭ വ. തീയതി 18.8.12, ജി.ഒ.(ആർടി) 2769/14.ത സ്വ ഭ വ.തീയതി21.8.14 കാണുക)

മേൽനിർദ്ദേശങ്ങളൊന്നും പാലിക്കാതെ ഗ്രാമപഞ്ചായത്തുകളിലെ മൂന്ന് മീറ്റർ വരെയുള്ള റോഡുകളിൽ പ്രവൃത്തി ചെയ്യുന്നതായി കാണുന്നു. വിശദവിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | റോഡിന്റെ വിവരം | പ്രവൃത്തി ചെയ്ത വീതി | അഭിപ്രായം |
|---|---|---|---|
| 1 | പൊൻമിളിതാഴം - കിഴക്കലങ്ങാട്ട് താഴം റോഡ്, ബിൽ നം.55/31.3.17 - 462861രൂപ | 3.50മീറ്റർ | കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റോഡ് |
| 2 | സുബ്രമണ്യമംഗലം റോഡ്, ബിൽ നം.34/31.3.17 - 225337രൂപ | 3മീറ്റർ | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റോഡ് |
| 3 | പണ്ടാരപ്പറമ്പ് ചാലിയിൽ റോഡ്, ബിൽ നം.41/31.3.17 - 300003രൂപ | 3മീറ്റർ | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റോഡ് |
| 4 | മുറത്തുംമൂല തടായി റോഡ്, ബിൽ നം.14/18.3.17 - | 3.20മീറ്റർ | കൊടിയത്തൂർ |

| | | | |
|---|---|---|---|
| | 402357രൂപ | | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റോഡ് |
| 5 | തുവ്വപ്പാറ എസ് സി കോളനി റോഡ്, ബിൽ നം.43/31.3.17 - 333429രൂപ | 3.40മീറ്റർ | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റോഡ് |
| 6 | കണ്ടിയിൽ ഈസ്റ്റ് മലയമ്മ റോഡ്, ബിൽ നം.49/31.3.17 - 415790രൂപ | 3മീറ്റർ | ചാത്തമംഗലം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റോഡ് |
| 7 | കരിമ്പ് ചുണ്ടത്തുംപൊയിൽ സ്കൂൾ റോഡ്, ബിൽ നം.50/31.3.17 - 420843രൂപ | 3.2മീറ്റർ | കാരശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റോഡ് |
| | ആകെ ചെലവ് തുക – 25,60,620രൂപ | | |

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള റോഡുകളിൽ പ്രവൃത്തി ചെയ്തതിനടിസ്ഥാനമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 25,60,620 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-10 <u>സാറ്റലൈറ്റ് ഡയറി ഫാം - അപാകതകൾ</u>

നിർവഹണഉദ്യോഗസ്ഥൻ - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

എ) പ്രൊജക്ട് - 112/17, സാറ്റലൈറ്റ് ഡയറി ഫാം

അടങ്കൽ - 6,00,000, വികസന ഫണ്ട് (ജനറൽ)

ചെലവ് - 6,00,000, ബിൽ നം. ബി പി 2/31.3.17

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ക്ഷീരസംഘങ്ങളിലെ 5 വനിതകൾ അടങ്ങിയ 8 വനിതാ ഗ്രൂപ്പുകൾക്ക് 3,00,000/-രൂപ വീതം ബാങ്ക് വായ്പ എടുത്ത് ഡയറി യൂണിറ്റുകൾ ആരംഭിക്കുമ്പോൾ ബാക്ക് എൻഡ് സബ്സിഡി ആയി 75000/- രൂപ വീതം ആകെ 8 ഗ്രൂപ്പുകൾക്ക് 600000/- ധനസഹായം നൽകുന്നതിനുള്ള പ്രൊജക്ടാണിത്. പ്രൊജക്ട് പ്രകാരം താഴെ പറയുന്ന ക്ഷീരോൽപാദക സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

1. കുന്ദമംഗലം ക്ഷീരോൽപാദക സഹകരണസംഘം - 75000
2. കുരുവട്ടൂർ ക്ഷീരോൽപാദക സഹകരണസംഘം - 75000
3. കായലം ക്ഷീരോൽപാദക സഹകരണസംഘം - 75000
4. പെരുമണ്ണ ക്ഷീരോൽപാദക സഹകരണസംഘം - 75000
5. തേക്കുംകുറ്റി ക്ഷീരോൽപാദക സഹകരണസംഘം - 75000
6. തോട്ടുമുക്കം ക്ഷീരോൽപാദക സഹകരണസംഘം - 75000

7. മാവൂർ ക്ഷീരോൽപാദക സഹകരണസംഘം - 75000

8. ചാത്തമംഗലം ക്ഷീരോൽപാദക സഹകരണസംഘം - 75000

ബി) പ്രൊജക്ട് - 114/17, സാറ്റലൈറ്റ് ഡയറി ഫാം (പട്ടികജാതി)

അടങ്കൽ - 6,00,000, വികസന ഫണ്ട് (എസ് സി പി)

ചെലവ് - 4,00,000, ബിൽ നം. ബി പി 3/31.3.17

പ്രൊജക്ട് പ്രകാരം താഴെ പറയുന്ന ക്ഷീരോൽപാദക സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

1. പന്നിക്കോട് ക്ഷീരോൽപാദക സഹകരണസംഘം -100000

2. കാരശ്ശേരി ക്ഷീരോൽപാദക സഹകരണസംഘം -100000

3. പെരുവയൽ ക്ഷീരോൽപാദക സഹകരണസംഘം -100000

4. പെരുമണ്ണ ക്ഷീരോൽപാദക സഹകരണസംഘം - 100000

<u>മേൽ പദ്ധതികൾ നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.</u>

1. ജി.ഒ.(എം.എസ്)4/16 തീയതി 11.1.16 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 3.2 പ്രകാരം ഗ്രൂപ്പ് സംരംഭങ്ങൾ നിർബന്ധമായും വായ്പാബന്ധിതമായി നടപ്പാക്കേണ്ടതാണ്. ഏത് ബാങ്കിൽ നിന്നാണോ വായ്പ ലഭ്യമാക്കുന്നത്, പ്രസ്തുത ബാങ്ക് അക്കൗണ്ടിലേക്ക് ബാക്ക് എൻഡ് സബ്സിഡിയായാണ് തുക നൽകേണ്ടത്. എന്നാൽ സബ്സിഡി തുക വായ്പ ലഭ്യമാക്കുന്ന ബാങ്കിലേക്ക് നൽകുന്നതിന് പകരം ക്ഷീരോൽപാദക സഹകരണസംഘങ്ങൾക്ക് നേരിട്ട് നൽകുകയാണ് ചെയ്തത്. സംഘങ്ങൾ കൈപ്പറ്റിയ തുക ബാങ്കിലേക്ക് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2. വാങ്ങിയ പശുക്കളെ ഗ്രൂപ്പുകളുടെ പേരുകളിൽ കൈപ്പറ്റി അതാത് ഫാമുകളിലാണ് വളർത്തേണ്ടത്. എന്നാൽ ഇതിന് പകരം ഇവയെ ഗ്രൂപ്പ് അംഗങ്ങൾ ഓരോരുത്തരും സ്വന്തം നിലയിൽ കൈപ്പറ്റി സ്വന്തം വീടുകളിൽ വളർത്തുന്നതായാണ് കാണുന്നത്. ഇത് പ്രോജക്ടിലെ 'ഫാം' എന്ന ആശയത്തിന് വിരുദ്ധമാണ്. കൂടാതെ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കാൻ പാടില്ല.

3. ജി.ഒ.(എം.എസ്)4/16 തീയതി 11.1.16 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 3.2(1) പ്രകാരം ഗ്രൂപ്പ് സംരംഭങ്ങൾ ഒറ്റയൂണിറ്റായി സാമ്പത്തിക പ്രവർത്തനങ്ങൾ നടത്തുകയും യൂണിറ്റിന് പൊതുവായ വിപണന സംവിധാനവും കണക്ക് സൂക്ഷിപ്പ് രീതിയും ഉണ്ടായിരിക്കുകയും വേണം. അങ്ങനെ അല്ലെങ്കിൽ വ്യക്തിഗത സംരംഭമായി കണക്കാക്കണം. എന്നാൽ സംഘങ്ങൾ ഒറ്റയൂണിറ്റായി പ്രവർത്തിക്കുന്നു എന്ന് തെളിയിക്കുന്ന രേഖകൾ (വരവ് ചെലവ് കണക്കുകൾ) പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ(പോളിസി) പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5. സംഘങ്ങൾക്ക് വായ്പ ലഭിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

6. പശുക്കളെ 3 വർഷം വളർത്തുമെന്ന കരാർ വെച്ചിട്ടില്ല.

7. പദ്ധതി നടപ്പാക്കിയതിന്റെ മോണിറ്ററിങ് റിപ്പോർട്ട് പരിശോധനക്ക് ലഭിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാനും രേഖകൾ പരിശോധനക്ക് ഹാജരാക്കാനുമാവശ്യപ്പെട്ടു കൊണ്ട് നൽകിയ 6.6.17ലെ ഓഡിറ്റ് എൻക്വയറി നം.3ന് മറുപടി സമർപ്പിച്ചിട്ടില്ല. ചെലവ് തുക 1000000/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-11 വിനിയോഗവിവരം ലഭ്യമാക്കിയില്ല

2016-17 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളു ടെ വിനിയോഗവിവരം ലഭിച്ചിട്ടില്ല.

| പ്രൊജക്ട്, നിർവ്വഹണ ഉദ്യോഗസ്ഥ | ചെലവ് തുക /ബിൽ നമ്പർ,തിയ്യതി | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|
| എസ്.ഒ.61/17 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ,സി ഡി പി ഒ | 13,29,450, ബിൽ നം. 3/27.3.17 | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് - 250000<br>പെരുമണ്ണ ഗ്രാമപഞ്ചായത്ത് - 200000<br>കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് - 58900<br>കാരശ്ശേരി ഗ്രാമപഞ്ചായത്ത് - 150000<br>മാവൂർ ഗ്രാമപഞ്ചായത്ത് - 170550<br>ചാത്തമംഗലംഗ്രാമപഞ്ചായത്ത് - 100000<br>പെരുവയൽ ഗ്രാമപഞ്ചായത്ത് - 400000 |
| എസ്.ഒ.78/17 ക്ഷീര സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി നൽകൽ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 24,00,000 ബിൽ നം.ബിപി 1/27.3.17 | കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് - 3,60,000<br>കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് - 4,00,000<br>മാവൂർ ഗ്രാമപഞ്ചായത്ത് - 3,00,000<br>കാരശ്ശേരി ഗ്രാമപഞ്ചായത്ത് - 1,40,000<br>പെരുവയൽ ഗ്രാമപഞ്ചായത്ത് - 4,00,000<br>പെരുമണ്ണ ഗ്രാമപഞ്ചായത്ത് - 4,00,000<br>കുന്ദമംഗലം ഗ്രാമപഞ്ചായത്ത് - 4,00,000 |
| 146/17, സാമൂഹ്യസുരക്ഷാമിഷന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ, സി ഡി പി ഒ | 1000000, ബിൽ നം. 1/10.3.17 | സാമൂഹ്യസുരക്ഷാമിഷൻ - 1000000 |
| ആകെ ചെലവ് തുക | 4729450/- | |

മേൽ തുകകളുടെ കൈപ്പറ്റ് രശീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാനമാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. ചെലവ് തുക 47,29,450 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-12 ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർക്ക് പ്രൊജക്ടിനായി വകയിരുത്തിയ പദ്ധതി വിഹിതം ചെലവഴിച്ചില്ല.

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ മുഖേന പത്ത് പട്ടികജാതി വനിതാഗ്രൂപ്പുകൽക്ക് റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ (പ്രോജക്റ്റ് നം-77/16-17)എന്ന പദ്ധതിയ്ക്കായി 3640000/- എസ് സിപി ,മറ്റുള്ളവ എന്നീ ഫണ്ടുകൾ വകയിരുത്തിയെങ്കിലും പ്രോജക്റ്റ് നടപ്പാക്കിയിട്ടില്ല.ഇതു സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ നല്കിയ വിശദീകരണ കുറിപ്പ് പ്രകാരം 1.1.2016ലെ4/16പ്രകാരം നിർദ്ദേശിച്ച യോഗ്യതയുള്ള ഗ്രൂപ്പുകളെ ഗ്രാമസഭയിൽനിന്നും തെരെഞ്ഞെടുത്ത് ബോർഡ്അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കാതിരുന്നതിനാലാണ് പ്രോജക്റ്റ് നടപ്പാക്കാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണ വേളയിൽ പഞ്ചായത്തുകളുടെ ഗ്രാമസഭയിൽ വേണ്ടത്ര ചർച്ച നടത്താതെയും, ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ പരിഗണിക്കാതെയും പദ്ധതി രൂപീകരിയ്ക്കുന്ന സാഹചര്യം മൂലമാണ് ഇത്തരം പദ്ധതികൾ നടപ്പാകാതെ പോകുന്നത്. ചെറുകിട വ്യവസായ പ്രോജക്റ്റുകൾ എല്ലാം തന്നെ ബാങ്ക് വായ്പ ബന്ധിത പ്രോജക്റ്റുകൾ ആണ്.വായ്പ ലഭിച്ച് യൂണിറ്റ് പ്രവർത്തനം തുടങ്ങി ആറുമാസം തുടർച്ചയായി പ്രവർത്തിച്ച് ലാഭം കൈവരിച്ച സ്ഥാപനത്തിനേ ബ്ലോക്കിൽ നിന്നും ധനസഹായം ലഭ്യമാക്കേണ്ടതായുള്ളൂ. ഇപ്രകാരം പ്രവർത്തിയ്ക്കുന്ന് അർഹരായ ഗ്രൂപ്പുകളുടെ ലിസ്റ്റ് പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കാത്ത സാഹചര്യത്തിലാണ് പദ്ധതി നിർവ്വഹണം നടപ്പാകാതെയിരുന്നത്. ഇതുമൂലം കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായ പദ്ധതിപ്പണം പാഴായിപ്പോകാനിടവരുന്നു.പദ്ധതി രൂപീകരണവേളയിൽ തന്നെ സമയബന്ധിതമായി മാനദണ്ഡങ്ങൾ പാലിച്ച് നടപ്പാക്കാൻ സാധിക്കുന്നതും, ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ ചുമതലയിൽ ഉൾപ്പെട്ട ചെറുകിട സംരഭങ്ങളെ പ്രോത്സാഹിപ്പിയ്ക്കുന്നതിനും, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സഹകരണ സംഘങ്ങൾ എന്നിവ വളർത്താനുതകുന്ന പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിനും ശ്രദ്ധ ചെലുത്തേണ്ടതാണ്. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| പ.ഡബ്ല്യ.ഡി. ബിൽഡിംഗ്സ്, കോഴിക്കോട് | പയ്യടിമീത്തൽ – കണ്ണംചിന്നം പാലം അംഗൻവാടി | 33/16-17 / 31.3.17 | 580000 | | 580000 |
| പ.ഡബ്ല്യ.ഡി. ബിൽഡിംഗ്സ്, കോഴിക്കോട് | ചക്കാലംകുന്ന് അംഗൻവാടി | 36/16-17 / 31.3.17 | 580000 | | 580000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1999 | 41a | ജനകീയാസൂത്രണ നടത്തിപ്പിൽ അപാകതകൾ - ശിവഗിരി ശുദ്ധജലപദ്ധതി - മൂല്യനിർണ്ണയം നടത്തിയില്ല. | ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണ ത്തിനും നടപടിക്കും സമിതി ശുപാർശ ചെയ്തു. |
| 1999 | 41b | പൈലങ്ങോട്ട് ച്വരം - പാലോംകുന്ന് ശുദ്ധജലപദ്ധതി - ക്രമരഹിതമായി മുൻകൂർ നൽകി | -ടി- |
| 1999 | 41c | കൊടിയത്തൂർ - കോട്ടമ്മൽ ശുദ്ധജലപദ്ധതി | -ടി- |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 124879382 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 13,21,14,789 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16349100/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 10,00,000 | ഡോ.സുഗതകുമാരി.പി.സി, മെഡിക്കൽ ഓഫീസർ, ചെറുവാടി സി എച്ച് സി |
| 3-3 | 10,20,929 | ശ്രീമതി. സീന അലക്സ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | 3,84,174 | ശ്രീ.വിനോദ് കുമാർ.എം, കൃഷി അസിസ്റ്റന്റ് ഡയരക്ടർ |
| 3-5 | 19,00,000 | ശ്രീ.ജോർജ് ജോസഫ്, സെക്രട്ടറി |
| 3-6 | 9,58,424 | ശ്രീമതി. സീന അലക്സ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-7 | 16,28,000 | ശ്രീ.ജോർജ് ജോസഫ്, സെക്രട്ടറി |
| 3-8 | 11,67,503 | ശ്രീമതി. സീന അലക്സ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-9 | 25,60,620 | ശ്രീമതി. സീന അലക്സ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-10 | 10,00,000 | ശ്രീ.സനിൽകുമാർ.പി, ക്ഷീര വികസന ഓഫീസർ |
| 3-11 | 23,29,450 | ശ്രീമതി.ടി.ഗീത, ശിശു വികസന പദ്ധതി ഓഫീസർ |
| | 2400000 | ശ്രീ.സനിൽകുമാർ.പി, ക്ഷീര വികസന ഓഫീസർ |
| ആകെ | 16349100/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96,96-97, 97-98 | എൽ.എഫ്.കെ.കെ.ഡി.(പി 7)2022/12(1)തീയതി 15-2-13 | 3 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.(പി 7)2022/12(2)തീയതി 15-2-13 | 2 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.(പി 7)2022/12(3)തീയതി 15-2-13 | 5 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.(പി 7)1498/04തീയതി 2-4-12 | 35 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.(പി 7)1178/04 തീയതി 2-4-12 | 30 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.(പി 7)432 /12(2)തീയതി 2-4-12 | 12 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.(പി 7)433/12തീയതി 2-4-12 | 12 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.(പി 7)1384/10(1)തീയതി 2-4-12 | 10 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.(പി 7)1384/10(2)തീയതി 2-4-12 | 10 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.(പി 7)430/12(1)തീയതി 2-4-12 | 22 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.(പി 7)430/12(2)തീയതി 2-4-12 | 21 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.(പി 7)2021/12തീയതി 22-2-13 | 14 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.(പി 7)76/13തീയതി 22-1-13 | 16 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.(പി 7)1796/13 തീയതി 17-2-14 | 19 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.(പി 7)275/14 തീയതി 14-7-14 | 17 |

| | | |
|---|---|---|
| 2012-13,13-14 | എൽ.എഫ്.കെ.കെ.ഡി.(പി 7)20/15 തീയതി 9-3-2015 | 16 |
| 2014-15,15-16 | കെ.എസ്.എ-കെ.കെ.ഡി/പി7/486 /2017/24-3-2017 | 25 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം- 1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ-കെ.കെ.ഡി/പി7/1934/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി:21.10.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പും 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും കേരള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡ് അവലംബിച്ചും കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2016 –17ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ള കാര്യങ്ങളിലൊഴികെ എന്റെ അഭിപ്രായത്തിൽ 2016-17ലെ വാർഷിക ധനകാര്യ പത്രിക കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P7/1934/2017

Kerala State Audit Department
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in
Date:21.10.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kunnamangalam Block Panchayat in Kozhikode District for the year ended on 31.03.2017 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kunnamangalam Block Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure .

JOINT DIRECTOR
District Audit Office, Kozhikode.